# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 98** | **25/04/2017 ൽ മറുപടി നൽ കേണ്ടിയിരുന്നത്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഇതു വരെ എത്ര പേർക്കാണ് ധനസഹായം അനുവദിച്ചുണ്ട്, എത്ര തുക ഇതു വരെ അനുവദിച്ചു; ജില്ല തിരിച്ചുള്ള വിവരം വിശദമാക്കാമോ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു |
| (ബി) | ദുരിതാശ്വാസ നിധി കൈകാര്യം ചെയ്യുന്ന നടപടികളിൽ സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം; ഇതിന്റെ ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം കൂടി ഏർ പ്പെടുത്തിയിട്ടുണ്ട്. ചികിത്സാ ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്യാൻസർ, കിഡ്നി, കരൾ സംബന്ധമായ അസുഖങ്ങൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു വ്യക്തിയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർക്ക് 2,000/- രൂപയിൽ നിന്ന് 10,000/- രൂപയായും റവന്യു മന്ത്രിക്ക് 5,000/- രൂപയിൽ നിന്ന് 25,000 രൂപയായും മുഖ്യമന്ത്രിക്ക് 1,00,000/- രൂപയിൽ നിന്ന് 3,00,000/- രൂപയായും ഉയർത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്ന് പത്തു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്.<br>ഓൺ ലൈൻ സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് താലൂക്ക് അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓൺ ലൈൻ സംവിധാനത്തിന്റെ കാര്യക്ഷമത ആനുകാലികമായി അവലോകനം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 13839 | 16,43,49,158 |
| കൊല്ലം | 13808 | 15,53,44,400 |
| പത്തനംതിട്ട | 3037 | 3,11,85,000 |
| ആലപ്പുഴ | 7347 | 12,67,84,000 |
| കോട്ടയം | 8841 | 7,02,09,730 |
| ഇടുക്കി | 2919 | 3,53,81,000 |
| എറണാകുളം | 5315 | 8,35,39,000 |
| തൃശ്ശൂർ | 6403 | 5,88,44,500 |
| പാലക്കാട് | 7823 | 8,22,88,500 |
| മലപ്പുറം | 5626 | 7,03,00,000 |
| കോഴിക്കോട് | 2238 | 3,62,30,000 |
| വയനാട് | 1844 | 1,30,33,587 |
| കണ്ണൂർ | 2486 | 7,55,97,500 |
| കാസർ ഗോഡ് | 2578 | 5,32,44,524 |
| **ആകെ** | **84104** | **105,63,30,899** |

സെക്ഷൻ ഓഫീസർ